## 14

# ദൈവത്തിന്റെ നീതി

ജാതികളോട്: *"അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ ത്തിൽനിന്ന് വെളിപ്പെടുന്നു. ദൈവത്തെ കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യ ശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു. അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിന്നുതന്നെ. അവർ ദൈവത്തെ അറി ഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കയോ നന്ദികാണിക്കു കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി തീർന്നു. അവ രുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി ... ഈ വക പ്രവർത്തിക്കു ന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല, പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയും കൂടെ ചെയ്യുന്നു" (റോമർ 1:18-32).*

*"ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണം സ്വഭാവത്താൽ ചെയ്യുമ്പോൾ, ന്യായപ്രമാണമില്ലാത്ത അവർ തങ്ങൾക്ക് തന്നെ ഒരു ന്യായ പ്രമാണം ആകുന്നു. അവരുടെ മനസാക്ഷി കൂടെ സാക്ഷ്യം പറഞ്ഞും അവ രുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തും കൊണ്ട് അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു" (റോമർ 2:14, 15).*

യെഹൂദന്മാരോട്: *"അതുകൊണ്ട് വിധിക്കുന്ന ഏതു മനുഷ്യനുമായു ള്ളോവേ, നിനക്ക് പ്രതിവാദം പറവാൻ ഇല്ല. അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു. വിധിക്കുന്ന നീ അതു തന്നെ പ്രവർത്തി ക്കുന്നുവല്ലോ. എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവ ത്തിന്റെ വിധി സത്യാനുസരണയായിരിക്കുന്നുവെന്ന് നാം അറിയുന്നു. ആ വക പ്രവർത്തിക്കുന്നവരെ വിധിക്കയും അതു തന്നെ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽനിന്ന് തെറ്റി ഒഴിയും എന്ന് നിനെക്കുന്നുവോ?" (റോമർ 2:1-3).*

എല്ലാവരോടും: *"തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്നും കഷ്ടവും സങ്കടവും ആദ്യം യെഹൂദന്നും പിന്നെ യവനന്നും വരും. നന്മ പ്രവർത്തിക്കുന്ന ഏവന്നും മഹത്വവും മാനവും സമാധാനവും ആദ്യം യെഹൂദന്നും പിന്നെ യവനന്നും ലഭിക്കും" (റോമർ 2:9, 10).*

*"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാ ത്തവരായി തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെ*

*ടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത് വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്ന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പാൻ തന്നെ അങ്ങനെ ചെയ്തത്" (റോമർ 3:23-26).*

ന്യായവിധിയിൽ ദൈവം നൽകുന്ന പ്രതിഫലവും ശിക്ഷയും എല്ലാം നോക്കി കഴിയുമ്പോൾ നാം ചോദിച്ചേക്കാം, "ഇവയിലെല്ലാം ദൈവനീതി എവിടെ? ഭൂമിയിൽ ആളുകൾ ജീവിച്ച ചെറിയ കാലയളവിനുള്ളിൽ അവർ ചെയ്തതിനു തക്ക പ്രതിഫലമോ ശിക്ഷയോ കൊടുക്കുക മാത്രമാണോ ദൈവം ചെയ്യുന്നത്? ദുഷ്ടജീവിതം നയിച്ചതിന്റെ അവസാനം മാനസാന്തരപ്പെടുന്ന ഒരാൾക്ക് ദൈവം പ്രതിഫലം കൊടുക്കുന്നതെന്തിന്?" ലൂക്കൊസ് 15 ലെ മുടിയനായ പുത്രന്റെ ജ്യേഷ്ഠൻ വിചാരിച്ചത് ദുർമ്മാർഗ ജീവിതം നയിച്ച ആ മകനോട് അപ്പൻ എന്തിന് ദയവ് കാണിക്കണമെന്നാണ് (വാക്യങ്ങൾ 25-30). "ദൈവം ആവശ്യപ്പെടുന്ന 'നിസാര' കാര്യങ്ങളിൽ പരാജയപ്പെട്ടവരെ നിത്യതയിലുടനീളം ശിക്ഷിക്കുന്നതു എന്തു ദൈവനീതി എന്നു ചോദിച്ചേക്കാം?"

ദൈവത്തിന്റെ സ്നേഹവും, കരുണയും, കൃപയും അവന്റെ ക്രോധത്താലുള്ള കഠിന ശിക്ഷയും എങ്ങനെ ചേരും എന്ന് ചിലർ സംശയിച്ചേക്കാം. നോക്കുമ്പോൾ അസാധാരണമെന്ന് തോന്നുമെങ്കിലും, അവന്റെ സ്നേഹമാണ് കോപിപ്പിക്കുന്നത്. ഒരുപക്ഷെ ഇതു കാര്യത്തെ ലഘൂകരിക്കുന്നതുകൊണ്ടാകാം അങ്ങനെ കരുതുന്നത്. നാം സ്നേഹിച്ചവരും ത്യാഗം അനുഷ്ഠിച്ചവരും നമ്മെ തള്ളിക്കളയുമ്പോൾ, നമ്മുടെ കോപം നീങ്ങുമോ? ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്.[1] അവന്റെ തീക്ഷ്ണതക്കു അടിസ്ഥാനം സ്നേഹമാണ്; അവനെ കോപിപ്പിക്കുന്നത് അവന്റെ തീക്ഷ്ണതയാണ്; കോപമാണ് ശിക്ഷിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നത്. "ദൈവം തീക്ഷ്ണതയുള്ളവനും യഹോവ പ്രതികാരം ചെയ്യുന്നവനും ക്രോധപൂർണ്ണനുമാകുന്നു. യഹോവ തന്റെ വൈരികളോടു പ്രതികാരം ചെയ്യുന്നവനും, തന്റെ ശത്രുക്കൾക്കായി കോപം സംഗ്രഹിക്കുകയും ചെയ്യുന്നു" (നഹൂം 1:2).

ദൈവം നമ്മുടെ പിതാവായതുകൊണ്ട്, അവൻ കർശന ന്യായാധിപൻ ആകുകയില്ല എന്നോ, യേശു ഒരു കുഞ്ഞാടായതുകൊണ്ട്, അവന് സിംഹമാകുവാൻ കഴിയുകയില്ല എന്നോ കരുതരുത്. പരിശുദ്ധാത്മാവിനെ നാം ഒരു പ്രാവായിട്ടായിരിക്കാം കാണുന്നത്, പക്ഷെ, അവന് ദഹിപ്പിക്കുന്ന അഗ്നി ആകുവാനും കഴിയും. യേശുക്രിസ്തു മൂലം നിത്യശിക്ഷാവിധി ഒഴിവാക്കുവാൻ ദൈവം ഒരു വഴി ഒരുക്കിയിരിക്കുന്നു എന്നത് "സുവാർത്ത" ആകുന്നു.

## സ്വർഗവും നരകവും അയോഗ്യമോ?

കൊടും പാപികളെ രക്ഷിക്കുവാൻ ദൈവം "നീതിമാൻ" ആണോ? ദൈവം കർശന നീതി പാലിച്ചാൽ, നമ്മിൽ ആരും തന്നെ രക്ഷപ്പെടുകയില്ല!

“എല്ലാവരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി” എന്നു നമുക്ക് അറിയാം (റോമർ 3:23; കൂടാതെ 3:9, 10; 1 യോഹന്നാൻ 1:8, 10). നമ്മുടെ പാപം നിമിത്തം നാമെല്ലാം ശിക്ഷക്കു യോഗ്യരാണ്. ആരും സ്വർഗത്തിൽ നിത്യജീവന് അർഹരല്ല. നമുക്ക് രക്ഷ നൽകുവാൻ നമ്മളാൽ സാധ്യമല്ല (എഫെസ്യർ 2:8, 9); യേശുവിന് മാത്രമെ നമ്മെ രക്ഷിപ്പാൻ കഴിയു (പ്രവൃത്തികൾ 4:12). നമ്മുടെ പാപങ്ങൾക്കുള്ള വിലയായി ദൈവത്തിന്റെ നീതി മരണം ആവശ്യപ്പെടുന്നു എന്നോർക്കുക (റോമർ 6:23). യേശുവിന്റെ മരണം (കൊലൊസ്യർ 1:19–22) ദൈവനീതി നടപ്പാക്കുകയും (റോമർ 3:25) ലോകത്തിനു മുഴുവൻ പാപമോചനം ലഭ്യമാക്കുകയും ചെയതു (1 യോഹന്നാൻ 2:2). യേശു നിത്യരക്ഷ നൽകിയിരിക്കുന്നു (എബ്രായർ 5:8, 9), അതു നമ്മെ പാപങ്ങളിൽനിന്നു വിടുവിച്ചുകൊണ്ടാണ് (വെളിപ്പാട് 1:5).

ദൈവത്തിന്റെ നീതിയെ കുറിച്ചുള്ള ബുദ്ധിമുട്ടുള്ള ചില ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ നമുക്ക് ശ്രമിക്കാം:

(1) “ഒരാൾ തന്റെ ആയുസ് മുഴുവൻ ദുഷ്പ്രവൃത്തിയിൽ ജീവിച്ചിട്ട് അവസാന നിമിഷം ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ, അവനെ രക്ഷിക്കുവാൻ ദൈവം നീതിമാനോ?” ദൈവം അങ്ങനെ ചെയ്താൽ, മനുഷ്യൻ വിചാരിക്കുന്നത്, “കർത്താവിന്റെ വഴി ചൊവ്വുള്ളതല്ല” എന്നാണ് (യെഹെസ്ക്കേൽ 33:17).

> “... ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിയുന്ന നാളിൽ തന്റെ ദുഷ്ടതയാൽ ഇടറി വീഴുകയില്ല. നീതിമാൻ പാപം ചെയ്യുന്ന നാളിൽ, തന്റെ നീതിയാൽ ജീവിക്കാൻ കഴിയുകയുമില്ല, ... എന്നാൽ ഞാൻ ദുഷ്ടനോട് നീ മരിക്കും എന്നു പറയുമ്പോൾ, അവൻ തന്റെ പാപം വിട്ടുതിരിഞ്ഞ് നീതിയും ന്യായവും പ്രവർത്തിക്കുകയും അപഹരിച്ചതു മടക്കിക്കൊടുക്കയും നീതികേട് ഒന്നും ചെയ്യാതെ ജീവന്റെ ചട്ടങ്ങളെ അനുസരിക്കയും ചെയ്താൽ അവൻ മരിക്കാതെ ജീവിക്കും.
> “... എന്നാൽ ദുഷ്ടൻ തന്റെ ദുഷ്ടത വിട്ടുതിരിഞ്ഞു നീതിയും ന്യായവും പ്രവർത്തിക്കുന്നുവെങ്കിൽ അവൻ അതിനാൽ ജീവിക്കും’’ (യെഹെസ്ക്കേൽ 33:12–19).

ദൈവം പാപങ്ങൾ മോചിച്ചുകൊടുക്കുമെന്നതിനുള്ള നല്ല ഉദാഹരണങ്ങളാണ് ലൂക്കൊസ് 15 ലെ മുടിയനായ പുത്രനും പൗലൊസും. നാം അർഹിക്കാത്ത ദാനമാണ് പാപമോചനം. നാം ദൈവത്തിന് എന്തൊക്കെ ചെയ്തു എന്നു നോക്കാതെ, അതു യേശുവിന്റെ മരണത്തിന്റെ അടിസ്ഥാനത്തിലായതുകൊണ്ട് (എഫെസ്യർ 2:8, 9), സേവന ദൈർഘ്യം കണക്കിലെടുക്കാതെ, താൻ വെച്ചിരിക്കുന്ന നിബന്ധനകൾ അനുസരിക്കുന്നവരെ രക്ഷിക്കുവാൻതക്കവണ്ണം യേശു നീതിമാനാണ്.

(2) “ഒരാൾ തന്റെ ആയുഷ്ക്കാലം മുഴുവൻ നീതിമാനായി ജീവിച്ചിട്ട് അവസാനം പാപത്തിലകപ്പെട്ടാൽ അവനെ ശിക്ഷിക്കുന്നതു ദൈവ നീതിയാണോ?” ദൈവം യെഹെസ്ക്കേലിനോടു പറഞ്ഞു,

> നീതിമാൻ അതിക്രമം ചെയ്യുന്ന നാളിൽ അവന്റെ നീതി അവനെ രക്ഷിക്കയില്ല. അവന്റെ നീതി ഓർമ്മിക്കപ്പെടുകയുമില്ല. ... അവൻ ചേയ്ത

> അകൃത്യങ്ങൾ നിമിത്തം അവൻ മരിക്കും (യെഹെസ്ക്കേൽ 33:12, 13). നീതിമാൻ തന്റെ നീതി വിട്ടുതിരിഞ്ഞു നീതികേട് പ്രവർത്തിക്കുന്നുവെങ്കിൽ അവൻ അതിനാൽ തന്നെ മരിക്കും (യെഹെസ്ക്കേൽ 33:18).

ഒരാൾ തന്നെ പാപത്തിന് വിട്ടുകൊടുത്താൽ, അവൻ കൃപയുടെ വാതിൽ അടെച്ചുകളയുകയാണ്. യേശുവിന്റെ രക്തത്തിനു മാത്രമെ പാപങ്ങൾ ക്ഷമിച്ചു തരുവാൻ കഴിയു. ദൈവത്തോടുള്ള ഓരോരുത്തരുടേയും പ്രതി കരണമനുസരിച്ചായിരിക്കും ദൈവം പാപങ്ങൾ ക്ഷമിച്ചു തരുന്നത്.

(3) "ഒരാൾ ക്രിസ്തു മുഖാന്തരമുള്ള രക്ഷയെ കുറിച്ച് അറിഞ്ഞില്ലെ ങ്കിൽ പോലും അവനെ എന്നേക്കും ശിക്ഷിക്കുന്നത് ദൈവനീതി ആണോ?" ഈ ചോദ്യത്തിന് ദൈവം പ്രത്യേകമായി ഉത്തരം നൽകാത്തതുകൊണ്ട്, വചനത്തിൽ അന്തർലീനമാക്കിയിരിക്കുന്നത് എടുക്കുവാനേ കഴിയു. തിരു വെഴുത്തിൽ യേശു പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസി ക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹന്നാൻ 8:24). തന്നെ ഒരിക്കലും കേൾക്കാത്തവരെയും ഉൾപ്പെടുത്തിക്കൊണ്ടാണോ യേശു അത് ഉറപ്പിച്ചു പറഞ്ഞത്? അതിൽ എല്ലാ മനുഷ്യരേയും ഉൾപ്പെടുത്തിയിരി ക്കണം, കാരണം യേശു മാത്രമാണ് ലോകത്തിന്റെ രക്ഷിതാവ് (യോഹന്നാൻ 14:6). തീർച്ചയായും, എഴുതപ്പെട്ട വെളിപ്പാടില്ലെങ്കിൽ, ആളുകൾക്ക് യേശു വിൽ വിശ്വസിപ്പാനുള്ള അവസരം ലഭിക്കുകയില്ല; കാരണം വിശ്വാസം വരു ന്നത് ദൈവവചനം മുഖാന്തരമാണ് (റോമർ 10:17; യോഹന്നാൻ 17:20, 21; പ്രവൃത്തികൾ 17:11, 12).

പണ്ട് കാലത്ത്, പഴയനിയമകാലത്ത്, അവർ ആയിരുന്ന ന്യായപ്രമാണ മനുസരിച്ചായിരുന്നു അവരെ വിധിച്ചത്, ജാതികളെ സംബന്ധിച്ച് പൗലൊസ് എഴുതി, "ന്യായപ്രമാണം ഇല്ലാതെ പാപം ചെയ്തവർ ഒക്കെയും ന്യായപ്ര മാണം കൂടാതെ നശിച്ചുപോകും; ന്യായപ്രമാണം ഉണ്ടായിട്ടു പാപം ചെയ്ത വർ ഒക്കെയും ന്യായപ്രമാണത്താൽ വിധിക്കപ്പെടും"; "ന്യായപ്രമാണമി ല്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളതു സ്വഭാവത്താൽ ചെയ്യുമ്പോൾ, ന്യായപ്രമാണമില്ലാത്തവർ തങ്ങൾക്കുതന്നെ ഒരു ന്യായപ്രമാണമാകുന്നു" (റോമർ 2:12-14). ഒരാൾ ദൈവം ഇല്ലെന്ന രീതിയിൽ ഭക്തിവിരുദ്ധമായ ജീവിതം നയിച്ചാൽ യാതൊരു ഒഴികഴിവുമില്ല; കാരണം ദൈവം ഉണ്ടെന്നതിന് ധാരാളം തെളിവുകൾ നൽകിയിട്ടുണ്ട് (റോമർ 1:18-20) കൂടാതെ നൈസർഗികമായ പ്രമാണവുമുണ്ട് (റോമർ 2:14). ഈ അന്ത്യകാലമായ, ക്രിസ്തീയ കാലത്ത്, പൗലൊസ് പറഞ്ഞു, "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യ മാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ച യിച്ചു; അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു" (പ്രവൃത്തികൾ 17:30, 31).

ഉയിർത്തെഴുന്നേറ്റശേഷം, യേശു തന്റെ അപ്പൊസ്തലന്മാർക്ക്, മഹ ത്തായ ആജ്ഞ നൽകി, അത് ശേഷിച്ച കാലത്തുള്ള സർവ്വ മനുഷ്യർക്കു മുള്ളതാണ്: "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടി യോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏല്ക്കു കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ

അകപ്പെടും" (മർക്കൊസ് 16:15, 16). പൗലൊസ് പറയുന്നതനുസരിച്ച്, രക്ഷക്കുള്ള ശക്തി ദൈവം സുവിശേഷത്തിലാണ് വെച്ചിരിക്കുന്നത്:

> സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനന്നും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലൊ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലൊ (റോമർ 1:16, 17).

അക്കാരണത്താൽ, സുവിശേഷം അനുസരിക്കാത്തവർ നഷ്ടപ്പെടുമെന്ന് പൗലൊസ് മുന്നറിയിക്കയുണ്ടായി. കർത്താവ് വീണ്ടും വരുമ്പോൾ, അവന്റെ ദൂതന്മാർ "ദൈവത്തെ അറിയാത്തവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും" (2 തെസലൊനിക്യർ 1:8).

പത്രൊസ് പറഞ്ഞു, "ദൈവത്തിനു മുഖപക്ഷം ഇല്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു" (പ്രവൃത്തികൾ 10:34, 35). കൊർന്നെല്യോസിന് രക്ഷ ആവശ്യമായിരുന്നു (പ്രവൃത്തികൾ 11:14), അവൻ ദൈവത്തെ ഭയപ്പെട്ട് നല്ല ധാർമ്മികജീവിതം നയിച്ചിരുന്നുവെന്നത് രക്ഷക്കു പകരമാകയില്ല (പ്രവൃത്തികൾ 10:1, 2). അതുകൊണ്ട്, അവൻ സുവിശേഷം കേട്ട് അനുസരിച്ച് ക്രിസ്ത്യാനിയാകുവാൻ ദൈവം പത്രൊസിനെ അവന്റെ അടുക്കൽ അയച്ചു.

ആ വേദഭാഗങ്ങളുടെയെല്ലാം വെളിച്ചത്തിൽ, ലോകത്തിൽ തിരിച്ചറിവിലെത്തിയ ഏതൊരു വ്യക്തിയും സുവിശേഷം അനുസരിച്ച് ജീവിക്കേണ്ടതാണെന്ന് വ്യക്തം. എന്തുകാരണം കൊണ്ടായാലും ആർക്കെങ്കിലും അതിനു കഴിഞ്ഞില്ലെങ്കിൽ, അയാൾ നീതിമാനും വിശുദ്ധനുമായ ദൈവത്തിന്റെ കയ്യിലാണ്. സ്വർഗത്തിന്റെ ഈ വശത്തുള്ള ഓരോ ക്രിസ്ത്യാനിയുടേയും കടമയാണ് നരകത്തിന്റെ വശത്ത് നിൽക്കുന്നവരുടെ അടുക്കലേക്ക് സുവിശേഷം എത്തിക്കുക എന്നത്. ഒരുപക്ഷെ ചോദ്യം ഉയരാം, "ഒരാൾക്ക് സുവിശേഷം കേട്ട് അനുസരിക്കുവാനുള്ള അവസരം കിട്ടിയില്ലെങ്കിൽ ആ വ്യക്തിയെ ശിക്ഷിക്കുന്നത് ദൈവ നീതിയാണോ?" ആ ചോദ്യത്തിനും ഉത്തരം നൽകുവാൻ നാം അശക്തരാണ്, കാരണം നമുക്ക് മനുഷ്യഹൃദയങ്ങളേയും അവരുടെ സാഹചര്യങ്ങളേയും പൂർണ്ണമായി നമുക്ക് അറിയില്ല. ദൈവം നമ്മേയും സകല മനുഷ്യരേയും ന്യായം വിധിക്കുമെന്നതിൽ നമുക്ക് നന്ദിയുള്ളവരായിരിക്കാം. നാം ന്യായകർത്താക്കളായിരിക്കയില്ല; നാം വിധിക്കപ്പെടും. അതുകൊണ്ട് നമുക്ക് രക്ഷക്കുള്ള ദൈവശക്തിയായ സുവിശേഷം അനുസരിക്കുവാൻ എല്ലാവരോടും അപേക്ഷിക്കാം, സർവ്വഭൂമിയുടേയും ന്യായാധിപൻ എല്ലാവരേയും നീതിയോടെ ന്യായം വിധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം (ഉൽപത്തി 18:25).

### നിത്യശിക്ഷ നീതിയോ?

എന്തടിസ്ഥാനത്തിലാണ് നാം നിത്യശിക്ഷയുടെ നീതി കണക്കാക്കുന്നത്? നാം പാപികളായതുകൊണ്ട്, പാപത്തിന്റെ ആധിക്യം നമുക്ക് മനസിലാക്കു

വാൻ പ്രയാസമാണ്. പാപത്തെ അങ്ങനെ തന്നെ കാണുവാൻ നമുക്ക് കഴിയുന്നില്ല. എങ്ങനെയും, അതു നമ്മെ മാത്രമല്ല മറ്റുള്ളവരേയും, വ്യക്തിപരമായി ദൈവത്തോടുള്ള ബന്ധത്തെയും ബാധിക്കും. പാപത്തിന്റെ ഭീകരത്വം തിരിച്ചറിയാതിരിക്കത്തക്കവണ്ണം നമ്മെ അതു മരിപ്പിക്കുന്നു. പാപം നമ്മെ കഠിനമായ ശിക്ഷക്കു യോഗ്യമാക്കുന്നു, കാരണം അതു മുഖാന്തരം നാം മലിനപ്പെടുകയും ദൈവസ്വഭാവമില്ലാത്തവരാകുകയും ചെയ്യുന്നു (റോമർ 3:23), അതാണ് നമ്മുടെ നിലവാരം (1 പത്രൊസ് 1:15, 16). പാപമോചനം ഇല്ലെങ്കിൽ, പാപമില്ലാത്ത സ്വർഗത്തിൽ നമുക്ക് സ്ഥാനമുണ്ടാകയില്ല (2 പത്രൊസ് 3:13; വെളിപ്പാട് 21:27).

നാം പാപം ചെയ്യുന്നത് ഇഷ്ടപ്പെടുകയും ആസ്വദിക്കയും ചെയ്തേക്കാം, പക്ഷെ ദൈവം അതു വെറുക്കുന്നു (എബ്രായർ 1:9). ദൈവം പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കയും ചെയ്യുന്നു എന്ന് ചിലർ പറയാറുണ്ട്. ഒരർത്ഥത്തിൽ അതു ശരിയാണ്; എന്നാൽ പാപിയിൽ നിന്നു പാപത്തെ ദൈവം വേർപെടുത്തുന്നില്ല. അവൻ അങ്ങനെ ചെയ്താൽ, അവന്റെ കോപവും ശിക്ഷയും പാപിയിലായിരിക്കയില്ല, പാപത്തിലായിരിക്കും. ദൈവകോപം പാപിയിലേക്ക് ഒഴുകും.[2] നാം കാണുന്നതുപോലെയല്ല, ദൈവം പാപത്തെ കാണുന്നത്.

ഇത് ചില ചോദ്യങ്ങൾ ഉയർത്തുന്നു: പാപത്തിന് നീതിപൂർവ്വമായ ശിക്ഷ കണക്കാക്കുവാൻ നാം പ്രാപ്തരാണോ? പാപം യഥാർത്ഥത്തിൽ എന്താണോ അതുപോലെ കാണുവാൻ നമുക്ക് കഴിയുന്നുണ്ടോ? ദൈവം പാപത്തെ കാണുന്നതുപോലെ നമുക്ക് പാപത്തെ കാണുവാൻ കഴിയുമോ? പാപത്തെ നീതിയോടെ ശിക്ഷിക്കുന്ന ദൈവികകാഴ്ച്ചപ്പാട് നമുക്ക് ഗ്രഹിക്കുവാൻ കഴിയുമോ? പാപത്തിന് നമ്മുടെ ലോകത്തിലുള്ള സ്വാധീനത്തിനപ്പുറമോ, ദൈവേഷ്ടത്തോട് മൽസരിക്കുന്നതിനെ കുറിച്ചുള്ള അവന്റെ കാഴ്ച്ചപ്പാടോ അല്ലെങ്കിൽ പാപം ചെയ്യുമ്പോൾ അത് ദൈവത്തോടുള്ള ബന്ധത്തിൽ എന്തു ചെയ്യുന്നുവെന്നോ നമുക്ക് അറിയാമോ? നമുക്ക് പാപത്തിന്റെ ആധിക്യം കാണുവാൻ കഴിയാത്തതുകൊണ്ട്, നീതിയുള്ള ശിക്ഷ വിധിക്കുവാൻ നമുക്ക് കഴിയുമോ?

ദൈവം ന്യായവിധി പ്രഖ്യാപിച്ചതിൽ പാപത്തിന്റെ ആധിക്യവും ദൈവത്തിന്റെ ശിക്ഷയുടെ കാഠിന്യവും കാണാവുന്നതാണ്. ആദാമിന്റേയും ഹവ്വയുടേയും പാപത്തിന്റെ ഫലമായി മരണം, കുഴപ്പം, രോഗം, ഹൃദയാഘാതം, ആയിരക്കണക്കിന് മറ്റു വിഷമങ്ങളും ലോകത്തിലേക്ക് കടന്നുവന്നു. നിസാരമെന്ന് തോന്നിക്കുന്ന ഒരു തെറ്റിന്റെ അനന്തരഫലങ്ങളെ കാണിച്ചുകൊണ്ട് പാപത്തിന്റെ ഗൗരവം എത്ര വലുതാണെന്ന് ദൈവം കാണിച്ചിരിക്കുന്നു. ഇത് അന്യായമായി നമുക്ക് തോന്നിയേക്കാം, എന്നാൽ ദൈവേഷ്ടത്തോട് മൽസരിക്കുന്നതിന്റെ ഗൗരവമനുസരിച്ച് വിധിക്കുവാൻ നമുക്ക് കഴിയുകയില്ല. ദൈവം മാറുന്നില്ല (മലാഖി 3:6), എന്നാൽ അവൻ ഇന്നലെയും, ഇന്നും, എന്നേക്കും അനന്യൻ" (എബ്രായർ 13:8). അവന്റെ കഴിഞ്ഞ വിധികൾ നോക്കുമ്പോൾ നിത്യശിക്ഷാവിധി ഒഴിവാക്കാവുന്നതല്ല.

ഈ ജീവിതത്തിലെ ചുരുങ്ങിയ കാലയളവിൽ ചെയ്ത അകൃത്യങ്ങൾക്ക് മനുഷ്യരെ നിത്യമായി ശിക്ഷിക്കുന്നത് ന്യായമല്ല എന്ന നിലപാടാണ് ചിലർക്കുള്ളത്. നമ്മുടെ കോടതികളിൽ പോലും, കുറ്റകൃത്യത്തിന്റെ ദൈർഘ്യം കണക്കാക്കിയല്ല ശിക്ഷ വിധിക്കുന്നത്, അല്ലെങ്കിൽ ശിക്ഷയുടെ

കാഠിന്യം നിശ്ചയിക്കുന്നത്. കുറ്റകൃത്യത്തിന്റെ തോത് അനുസരിച്ചായിരിക്കും ശിക്ഷയുടെ കാഠിന്യം.

നിത്യശിക്ഷാവിധിയെ കുറിച്ച് ഏതാനും നിരീക്ഷണങ്ങൾ നടത്തേണ്ടിയിരിക്കുന്നു:

(1) നീതി നിറവേറ്റുവാൻ ആഗ്രഹിക്കുന്നവന്റെ മുമ്പിൽ ലംഘനത്തിന്റെ വില എത്ര ഗൗരവമുള്ളതാണെന്ന് ചിന്തിക്കുക. അതിനായി ദൈവം തന്റെ പ്രിയപുത്രനെ ക്രൂരമായി ക്രൂശിക്കപ്പെടുവാനാവശ്യപ്പെട്ടതു (1 പത്രൊസ് 2:24; 3:18) ദൈവദൃഷ്ടിയിൽ പാപത്തിന്റെ വില എത്ര വലുതാണെന്ന് കാണിക്കുന്നു. ദൈവത്തിന്റെ പുത്രനെ ഇത്തരത്തിൽ ദൈവനീതി നിറവേറ്റുവാൻ നൽകിയെങ്കിൽ, അവസാനം നിത്യശിക്ഷാവിധി നൽകുന്നത് ദൈവത്തിന്റെ നീതിന്യായ കോടതിയിൽ ഒട്ടും നീതീകരിക്കാത്തതാവുകയില്ല.

(2) രക്ഷപ്പെടുവാനായി ദൈവം മനുഷ്യർക്ക് വലിയോരു രക്ഷ നൽകിയില്ലായിരുന്നുവെങ്കിൽ നിത്യശിക്ഷാവിധി നീതീകരിക്കാവുമായിരുന്നില്ല (എബ്രാ 2:3). സ്നേഹപൂർവ്വമായ രക്ഷക്കുള്ള ആ യാഗത്തെ നിഷേധിക്കുന്നതാണ് ദൈവത്തിന്റെ കോപം ക്ഷണിച്ചുവരുത്തുന്നത് (യോഹന്നാൻ 3:36).

(3) നമ്മുടെ യോഗ്യതകൊണ്ടു നേടിയെടുക്കുവാൻ പറ്റാത്തതുകൊണ്ടും രക്ഷ തിരഞ്ഞെടുക്കുവാനായി ദൈവം വെച്ചിരിക്കുന്നതുകൊണ്ടും, നിത്യരക്ഷ ഒഴിവാക്കേണമോ വേണ്ടയോ എന്ന് തിരഞ്ഞെടുക്കേണ്ടത് നാം തന്നെയാണ്. ജീവജലം ആർക്കും സൗജന്യമായി കുടിക്കാം (വെളിപ്പാട് 22:17). നിത്യജീവൻ വേണോ അതോ നിത്യശിക്ഷാവിധി വേണോ എന്ന തിരഞ്ഞെടുപ്പാണ് ദൈവം വെച്ചിരിക്കുന്നത് (മത്തായി 7:13, 14; 25:46). നമ്മുടെ അന്തിമസ്ഥാനം നിർണ്ണയിക്കുന്നത് ദൈവത്തിന്റേതല്ല, മറിച്ച് നമ്മുടെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ്. ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (2 പത്രൊസ് 3:9). നമുക്ക് ഒന്നും ചെയ്യാൻ കഴിയാതിരിക്കയും ദൈവം നമുക്ക് നിത്യശിക്ഷാവിധി കല്പിക്കയും ചെയ്താൽ അത് അനീതിയാവും. എങ്ങനെയായാലും, നമുക്ക് തിരഞ്ഞെടുക്കുവാനുള്ള അവസരം നൽകിയിരിക്കുന്നതിൽ, ദൈവം തന്റെ നീതി പ്രദർശിപ്പിച്ചിരിക്കുന്നതായി കാണാം.

(4) നിത്യശിക്ഷാവിധി ദൈവം വിധിക്കുവാനുള്ള കാരണം അവരുടെ ഹൃദയകാഠിന്യം നിമിത്തമാണ്. പിശാചിന്നും അവന്റെ ദൂതന്മാർക്കും മൽസരത്തിൽ, മാറ്റമില്ലാത്ത ഹൃദയങ്ങളുണ്ടായിരുന്നതുകൊണ്ട്, അവരെ നിത്യശിക്ഷാവിധിയിലേക്ക് അയക്കുന്നതു നീതി തന്നെയാണ്. അവരോടുകൂടെ നിത്യശിക്ഷാവിധിയിലേക്ക് പോകുന്നവരും (മത്തായി 25:41) ഹൃദയങ്ങളെ കഠിനപ്പെടുത്തിയവരാണ്. “എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക് നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു” (റോമർ 2:5). “ഈ ബാധകളാൽ മരിച്ചുപോകാത്ത ശേഷം മനുഷ്യരോ തങ്ങളുടെ കൈപ്പണി വിട്ടു മാനസാന്തരപ്പെട്ടില്ല” (വെളിപ്പാട് 9:20). കഴിഞ്ഞകാലത്ത് ദൈവം തന്റെ പ്രതികാരം പ്രകടമാക്കിയിരിക്കുന്നതുകൊണ്ട്, എല്ലാവരും തങ്ങളുടെ ദുർമ്മാർഗം വിട്ടുതിരിഞ്ഞ് മാനസാന്തരപ്പെടേണ്ടതായിരുന്നു, പക്ഷെ എല്ലാവരും ദൈവത്തിന്ന് കീഴ്പ്പെടുവാൻ മനസുവെച്ചില്ല. ചിലർ വീണുപോകുമെന്ന് ബൈബിൾ മുന്നറിയിച്ചിട്ടുണ്ട്: “അവരെ പിന്നെയും മാന

സാന്തരത്തിലേക്കു പുതുക്കുവാൻ സാധ്യമല്ല" (എബ്രായർ 6:6). അവരുടെ ഹൃദയങ്ങൾ വഴങ്ങാത്തതുകൊണ്ടും അവർ ദൈവത്തെ അധിക്ഷേപിച്ചതു കൊണ്ടുമല്ലേ നരകത്തിലേക്കുള്ള ശിക്ഷ ഏറ്റുവാങ്ങുന്നത്?

"യേശുക്രിസ്തു കർത്താവാണെന്ന് എല്ലാവരും പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറയും" (ഫിലിപ്പിയർ 2:11). ഇതിനർത്ഥം എല്ലാവരും മാനസാന്തരപ്പെടും എന്നാണോ? "പിശാചുക്കളും വിശ്വസിക്കയും വിറെക്കുകയും ചെയ്യുന്നുണ്ട്" (യാക്കോബ് 2:19). അവർ യേശുവിനെ ഏറ്റുപറയുന്നതു കേൾക്കാം, "നീ ദൈവത്തിന്റെ പുത്രനാകുന്നു" (മർക്കൊസ് 3:11; കൂടാതെ 5:7). വെറുതെ ഏറ്റുപറയുന്നത് മാനസാന്തരമല്ല. അങ്ങനെയായിരുന്നുവെങ്കിൽ ഏറ്റു പറഞ്ഞ ഭൂതങ്ങളും മാനസാന്തരപ്പെട്ടിരിക്കണം. വ്യക്തമായും, അവർ മാനസാന്തരപ്പെട്ടില്ല.

## നല്ല വിശേഷം ഉണ്ടോ?

ഒരാൾക്ക് യേശുവിന്റെ രക്ഷ സ്വീകരിച്ച് നരകയാതന ഒഴിവാക്കുവാൻ കഴിയുമെന്നതാണ് ഈ പാഠത്തിലെ നല്ല വിശേഷം (എബ്രായർ 5:9). രക്ഷ വേണമെന്ന് ആഗ്രഹിക്കുന്ന ഏതൊരു മനുഷ്യനും അത് ലഭ്യമാണ് (വെളിപ്പാട് 22:17).

നമ്മുടെ പാപങ്ങൾ നിമിത്തം നാം കഷ്ടപ്പെടേണ്ടി വരുന്നതു ഒഴിവാക്കുവാൻ, നമ്മുടെ നിസഹായാവസ്ഥയിൽ സഹായമായി ദൈവത്തിന്റെ കരുണയും, കൃപയും, സ്നേഹവും നിമിത്തം ഒരു രക്ഷാമാർഗം ഒരുക്കി (റോമർ 5:6-8). അവൻ ഇതു ചെയ്തതു നമ്മുടെ പാപങ്ങൾക്കായി യേശുവിനെ മരിപ്പാൻ അനുവദിച്ചതുകൊണ്ടാണ് (യോഹന്നാൻ 3:16; റോമർ 3:24; 11:32). നമ്മുടെ രക്ഷക്കുള്ള ദൈവത്തിന്റെ ഭാഗമായ, സുവിശേഷമാണ് നമുക്കുള്ള നല്ല വിശേഷം.

നാം സുവിശേഷം വിശ്വസിച്ച് അനുസരിച്ചാൽ നമുക്ക് ആ നല്ല വിശേഷത്തിന്റെ പ്രയോജനം ലഭിക്കും (റോമർ 1:16; 2 തെസലൊനിക്യർ 1:8; 1 പത്രൊസ് 4:17). അതിൽ നമ്മുടെ പാപങ്ങളിൽനിന്നുള്ള മാനസാന്തരവും (2 പത്രൊസ് 3:9), യേശുവിലുള്ള നമ്മുടെ വിശ്വാസം ഏറ്റു പറയുന്നതും (റോമർ 10:9, 10), നമ്മുടെ പാപമോചനത്തിനു വേണ്ടിയുള്ള സ്നാനവും ഉൾപ്പെടുന്നു (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; 1 പത്രൊസ് 3:20, 21). നാം ഇത് ചെയ്താൽ നമ്മുടെ പാപങ്ങൾ കഴുകപ്പെടും (പ്രവൃത്തികൾ 22:16), അത് യേശുവിന്റെ രക്തത്താലാണ് (കൊലൊസ്യർ 1:19-22; വെളിപ്പാട് 1:5). നാം "സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്ന് ഇളകാതെ, അടിസ്ഥാനപ്പെട്ടവരായി വിശ്വാസത്തിൽ നിലകൊണ്ടാൽ" നാം അവന്റെ മുമ്പിൽ "വിശുദ്ധരും നിഷ്ക്കളങ്കരുമായി പ്രത്യക്ഷപ്പെടും" (കൊലൊസ്യർ 1:22, 23). ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു. നിത്യശിക്ഷാവിധി ഒഴിവാക്കുവാൻ നാം നിത്യജിവൻ തിരഞ്ഞെടുക്കണം.

## ഉപസംഹാരം

നിത്യശിക്ഷാവിധി എന്ന ചിന്ത നമ്മുടെ നീതിബോധത്തിന് അസഹ്യമായിരിക്കാം, പക്ഷെ അതാണ് ദൈവം പറഞ്ഞിരിക്കുന്നതും അവന്റെ സ്വഭാവസ്ഥിരതയും. അവൻ സ്നേഹമുള്ള ദൈവം ആയതുകൊണ്ട് - അവന്റെ കൃപയാൽ - അനർഹരായ മർത്യർക്ക് സ്വർഗത്തിൽ അവനുമായി

എന്നേക്കും ജീവിക്കുവാൻ ഒരു പ്രത്യാശ നൽകിയിരിക്കുന്നു. നമുക്ക് ഒന്നുകിൽ സുവിശേഷം അനുസരിച്ച് ദൈവവുമായി സ്വർഗത്തിൽ എന്നേക്കും ജീവിക്കാം അല്ലെങ്കിൽ സുവിശേഷം അനുസരിക്കാതെ പിശാചിനോടും അവന്റെ ദൂതന്മാരോടുംകൂടെ നിത്യത മുഴുവൻ നരകയാതന അനുഭവിക്കാം. ദൈവവും പിശാചും തിരഞ്ഞെടുക്കും, നമുക്ക് ദൈവത്തെ തിരഞ്ഞെടുക്കാം അല്ലെങ്കിൽ പിശാചിനെ തിരഞ്ഞെടുക്കാനം. നാം തിരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും നമ്മുടെ അന്തിമസ്ഥാനം നിർണ്ണയിക്കുന്നത്.

മരണവാതിൽ നമുക്കായി തുറക്കുമ്പോൾ, അല്ലെങ്കിൽ യേശു വീണ്ടും വരുമ്പോൾ, നാം ദൈവത്തെയും നിത്യതയെയും മുഖാമുഖമായി കാണും. എന്നേക്കുമുള്ള നിങ്ങളുടെ അന്തിമസ്ഥാനം ഏതായിരിക്കും?

---

കുറിപ്പുകൾ

[1]പുറപ്പാട് 20:5; യോശുവ 24:19; യെഹെസ്കേൽ 39:25; 1 കൊരിന്ത്യർ 10:22 നോക്കുക.

[2]യോഹന്നാൻ 3:36; റോമർ 1:18; എഫെസ്യർ 5:6; കൊലൊസ്യർ 3:6; 1 തെസലൊനിക്യർ 2:16.